പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3366 — 12.12.2014-ൽ മറുപടിക്ക്

## പാർട്ണർ കേരള നഗരവികസന സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, വർക്കല കഹാർ<br>,, സണ്ണി ജോസഫ്<br>,, പി.സി വിഷ്ണുനാഥ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പാർട്ണർ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി താജ് ഗേറ്റ്‌വേയിൽ വച്ച് പാർട്ട്ണർ കേരള നിക്ഷേപക സംഗമം നടത്തിയിരുന്നു. |
| ബി) നഗരവികസന പദ്ധതികൾക്ക് പൊതു -സ്വകാര്യ പങ്കാളിത്തത്തിൽ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് അറിയിക്കുമോ; | ബി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുകയും ഇതിലൂടെ നഗരസഭകളിലെ വികസന പദ്ധതികളിൽ പൊതുസ്വകാര്യ പങ്കാളിത്തം സാധ്യമാക്കുക എന്നതായിരുന്നു പാർട്ട്ണർ കേരളസംഗമത്തിന്റെ ലക്ഷ്യം. ഈ സംഗമത്തിൽ ഉദ്ദേശം 400-ൽപരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/ നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. |
| സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കപ്പെടുന്നത്; വിശദമാക്കുമോ; | സി) വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:-<br>1. Waste Management<br>2. Shopping Complex, Convention Centres, Multiple Cinema Hall.<br>3. Sewarage<br>4. Ammusement Park<br>5. Fly over Bridges & Parking lots<br>6. Markets<br>7. Bus Terminals<br>8. Comfort Station<br>9. Parks, Town Beautification & Street light<br>10. Hoardings |
| ഡി) എന്തെല്ലാം തുടർനടപടികളാണ് പ്രസ്തുത സംഗമത്തിനു ശേഷം സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) ഈ സംഗമത്തിൽ ഉദ്ദേശം 400-ൽപരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/ നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സംഗമത്തിൽ വച്ച് 104 നിക്ഷേപകർ 4868.79 കോടി രൂപ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ ആകാമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ പാർട്ണർ കേരളമിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായി M/s KITCO-യെ നിയമിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 40 പദ്ധതികളുടെ സാധ്യതാപഠന റിപ്പോർട്ടും ആർ.എഫ്.ക്യൂ-വും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ